## ശ്രദ്ധക്ഷണിക്കൽ

(1) <u>ലംപ്സംഗ്രാന്റ് സമയബന്ധിതമായി വിതരണം ചെയ്യൽ</u>

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ശ്രീ. പ്രമോദ് നാരായണനോട് അഭ്യർത്ഥിക്കാനുള്ളത്, ഇന്ന് ശ്രദ്ധക്ഷണിക്കലും 35 സബ്മിഷനും നാലോളം ബില്ലുകളും ഉണ്ടെന്നുള്ളതാണ്. അതുകൊണ്ട് വളരെ ചുരുക്കി അവതരിപ്പിച്ച് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, പട്ടികജാതി മേഖലയിലെ വിഷയമാണ്. സമയമനുവദിക്കണം.

<u>മി. സ്പീക്കർ</u>: സമയം അത്രയും അനുവദിക്കാനേ പറ്റുകയുള്ളൂ.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, "ചരിത്രത്തിന്റെ അക്ഷരത്തറകളിൽ ഞാൻ പുനർജ്ജനിക്കും. നിങ്ങൾ പ്രഭാതത്തിന്റെ ഉടുപ്പും സിംഹത്തിന്റെ പല്ലുമായി കാത്തുനിൽക്കുക, നമുക്ക് ഭൂമിയുടെ വസന്തത്തെ പങ്കുവയ്ക്കാം." ഭൂമിയുടെ വസന്തത്തെ സ്വന്തമാക്കാൻ അറിവും തൊഴിലുമാണ് വഴി എന്ന് വരച്ചിട്ടുകൊണ്ട് 1912 മാർച്ച് 4-ന് പ്രജാസഭയിൽ ധീരനായ വിപ്ലവകാരി അയ്യൻകാളി നടത്തിയ പ്രസംഗത്തിന്റെ മുഴക്കവും മാറ്റൊലിയും ചരിത്രത്തിൽ

നിന്ന് അലയടിച്ചെത്തുന്നുവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് പട്ടികജാതി വിദ്യാർത്ഥികളുടെ ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും അവരുടെ വിദ്യാഭ്യാസ സംരംഭകത്വത്തിനായി സമഗ്രമായ ഒരു മിഷൻ നടപ്പിലാക്കണമെന്നതിന്റെ അനിവാര്യതയിലേക്ക് സർക്കാരിന്റെയും സഭയുടെയും ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. 2022-2027-ൽ പഞ്ചവത്സര പദ്ധതിക്ക് മുന്നോടിയായി സംസ്ഥാന പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയിട്ടുള്ള പട്ടികജാതി വികസനത്തിന്റെ വർക്കിംഗ് ഗ്രൂപ്പിൽ ശ്രദ്ധേയമായിട്ടുള്ള ചില കണ്ടെത്തലുകളുണ്ട്. പട്ടികജാതി മേഖലയിലെ വിദ്യാർത്ഥികൾ പരമ്പരാഗത കോഴ്സുകളിലാണ് ഇപ്പോഴും അഡ്മിഷൻ എടുക്കുന്നത്. പുതിയ തൊഴിൽ സാധ്യതകൾ ആധുനിക വൈജ്ഞാനിക മേഖലകളിൽ സ്വന്തമാക്കാനുള്ള അവകാശം, അതിനുള്ള സാധ്യതകൾ എന്നിവ അവരുടെ മുമ്പിൽ പരിമിതപ്പെടുകയാണ്. ഇത്തരം കോഴ്സുകളിൽ പഠനസൗകര്യമൊരുക്കുന്ന, ന്യൂജനറേഷൻ കോഴ്സുകൾ എന്ന് നമ്മൾപറയുന്ന ഇത്തരം പഠനസൗകര്യമൊരുക്കുന്ന കേരളത്തിനകത്തും പുറത്തുമുള്ള സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലേക്കെത്തുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ

എണ്ണം പരിമിതമാണ്. ആൾ ഇന്ത്യാ സർവ്വേ ഓൺ ഹയർ എഡ്യൂക്കേഷൻ 2019-20-ൽ ചൂണ്ടിക്കാണിക്കുന്ന ഗ്രോസ് എൻറോൾമെന്റ് റേഷ്യോ സ്കൂൾ സെക്കണ്ടറി, ഹയർ സെക്കണ്ടറി പഠനം കഴിഞ്ഞ് ഉന്നത വിദ്യാഭ്യാസത്തിലേക്കെത്തുന്ന കേരളത്തിലെ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളിൽ നിന്നും 25.9 ശതമാനം മാത്രമാണ്. എന്നുവച്ചാൽ പഠനമാരംഭിക്കുന്ന നാലിലൊന്ന് കുട്ടികൾ മാത്രമാണ് ഉന്നതവിദ്യാഭ്യാസം സ്വന്തമാക്കുന്നത്. അന്തർദേശീയ നിലവാരമുള്ള മികവാർന്ന പഠന സൗകര്യമൊരുക്കുന്ന ദേശീയ അന്തർദേശീയ സ്ഥാപനങ്ങളായിട്ടുള്ള ഐ.ഐ.ടി.-കൾ, നാഷണൽ ലോ യൂണിവേഴ്സിറ്റികൾ, സെൻട്രൽ യൂണിവേഴ്സിറ്റി, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്നിവിടങ്ങളിലേയ്ക്കെത്തുന്ന വിദ്യാർത്ഥികളുടെ എണ്ണവും പരിമിതമാണ്. ഇക്കാര്യത്തിൽ ശ്രദ്ധേയമായ ചുവടുവയ്പ്പ് നമ്മുടെ സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്. അഭിമാനത്തോടുകൂടി ഓർക്കുന്നു. പൈലറ്റുകളായ വ്യോമയാന മേഖലയിലെത്തിയ നമ്മുടെ കുട്ടികളെയെല്ലാം അണിനിരത്തി, ആദരണീയനായ മുഖ്യമന്ത്രിക്കും മന്ത്രിക്കുമൊപ്പം നിയമസഭാ സമ്മേളനത്തിൽ അവർ എത്തിയപ്പോൾ അത് അംബേദ്കർ ചൂണ്ടിക്കാട്ടിയ

പുതിയ തൊഴിൽ അഭിനിവേശങ്ങൾ, ഒക്യുപേഷണൽ ആസ്പിറേഷൻസ് സാധ്യമാക്കാൻ നടത്തിയ ഒരു ചുവടുവയ്പായിരുന്നു. എന്നാൽ നമുക്ക് കുറച്ചുകൂടി മുന്നോട്ടുപോകാൻ കഴിയണം. കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലുമുള്ള പട്ടികജാതി വിദ്യാർത്ഥികളുടെ ആറ്റിറ്റ്യൂഡ് മാപ്പിംഗ്, അവരിൽ അന്തർലീനമായ അഭിരുചികൾ പഠനകാലത്തുതന്നെ കണ്ടെത്താൻ കഴിയണം. സ്കോളർഷിപ്പിനൊപ്പം അവർക്ക് മെന്റർഷിപ്പും നമുക്ക് നൽകാനാകണം. ഓരോ വിദ്യാർത്ഥികളുടെയും പഠന-തൊഴിൽ ആഭിമുഖ്യങ്ങളെ സ്വാധീനിക്കുന്നത് കുടുംബത്തിന്റെ സാഹചര്യങ്ങളാണ്. രക്ഷകർത്താക്കളുടെ ജീവിത വീക്ഷണമാണ്. അതിന്റെയടിസ്ഥാനത്തിൽ അവർക്ക് ആത്മധൈര്യം നൽകാനുള്ള ഒരു മാർഗ്ഗമുണ്ടാകണം. തൊഴിൽ മാത്രമല്ല, പട്ടികജാതി വിഭാഗത്തിൽ നിന്ന് സംരംഭങ്ങളുണ്ടാകണം. നോളജ് ഇക്കോണമി മിഷന്റെ അനന്ത സാധ്യതകളിലേക്ക് അവരെ എത്തിക്കാൻ കഴിയുന്ന വിധത്തിൽ സർവ്വകലാശാലകളെയും വകുപ്പുകളെയും ചേർത്തുപിടിച്ചുകൊണ്ട് ഒരു സമഗ്രമായ വിദ്യാഭ്യാസ സംരംഭക പദ്ധതി ആവിഷ്കരിക്കാൻ കഴിയണം. കേരളത്തിലെ ഇടതുപക്ഷ സർക്കാർ ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന അന്നം കൊടുക്കുക, അർത്ഥം കൊടുക്കുക,

ഉള്ളിൽ ഉറവ് വറ്റാത്ത സ്നേഹം കൊണ്ട് ഉന്നം പിഴയ്ക്കാത്ത സ്വപ്നങ്ങൾ കൊടുക്കുക എന്നത് സാധ്യമാക്കിയ സർക്കാരിന് അത്തരമൊരു സംരംഭകത്വ വിദ്യാഭ്യാസമിഷൻ ആരംഭിക്കാൻ കഴിയണമെന്നതാണ് എന്റെ ശ്രദ്ധക്ഷണിക്കൽ.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പ്രമോദ് നാരായണൻ ഇവിടെ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ നേരത്തേയും ഈ സഭയിൽ തന്നെ ചർച്ച ചെയ്തിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ ഇപ്പോഴത്തെ പ്രസംഗം ഒന്ന് ട്രാൻസ്ലേറ്റ് ചെയ്യേണ്ടതാണ്. ആദ്യഭാഗം ട്രാൻസ്ലേറ്റ് ചെയ്താൽ എല്ലാവർക്കും മനസ്സിലാകും. അത്രയും പെട്ടെന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം നമ്മുടെ സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ടയാളുകൾക്ക് സമൂഹത്തിൽ ഉയർന്നുവരാനുള്ള നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിരിക്കുന്നത്. തീർച്ചയായും അതുതന്നെയാണ് ഗവൺമെന്റും ലക്ഷ്യം വയ്ക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളുടെ സമഗ്രമായ വികസനത്തിനുവേണ്ടിയുള്ള കാഴ്ചപ്പാട് മുന്നോട്ടുവച്ചുകൊണ്ടുതന്നെയാണ്

ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അതിലേറ്റവും പ്രാധാന്യം കൊടുക്കുന്നത് വിദ്യാഭ്യാസത്തിനുതന്നെയാണ്. ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം കൊടുത്തുകൊണ്ട് അവരെ സമൂഹത്തിൽ ഉയർത്തിയെടുക്കുക എന്നുള്ള ലക്ഷ്യം നമ്മൾ മുന്നോട്ടുകൊണ്ടുപോകുകയാണ്. അതുകൊണ്ടാണ് മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി നമ്മുടെ കുട്ടികൾക്ക് പുതിയ മേഖലയിലേക്ക് പഠിച്ച് ഉയരാനുള്ള അവസരമുണ്ടാക്കാൻ തീരുമാനിച്ചത്. പ്രീമെട്രിക് ഹോസ്റ്റലുകളുടെയും പ്രീമെട്രിക് സ്റ്റഡീസിന്റെയും രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ തീരുമാനിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചു. നമ്മുടെ പൊതു വിദ്യാഭ്യാസരംഗത്ത് ആ കാര്യത്തിൽ വലിയ രീതിയിലുള്ള ഇടപെടലാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് പട്ടികജാതി, പട്ടികവർഗ്ഗ വികസനവകുപ്പ് വിവിധ ഘട്ടങ്ങളിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കൊഴിഞ്ഞുപോക്ക് തടയാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഞാൻ ആ കണക്ക് ഇപ്പോൾ പറയുന്നില്ല. തീർച്ചയായും തുടർന്നും വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്തുകൊണ്ട്

ഒട്ടേറെ മാറ്റങ്ങൾ ഈ മേഖലയിൽ കൊണ്ടുവരാനാണ് നടപടി സ്വീകരിക്കുന്നത്. അതോടൊപ്പം തന്നെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അന്തർദേശീയ നിലവാരത്തിലേക്ക് മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ ഉയർത്താൻവേണ്ടിയുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. അതുപോലെ തന്നെയാണ് കുട്ടികളുടെ അഭിരുചിക്കനുസരിച്ച് അവരുടെ കഴിവുകൾ കണ്ടെത്തി ചെറുപ്പത്തിൽ തന്നെ വളർത്തിയെടുക്കാനുള്ള പരിശ്രമവുമുണ്ട്. സ്കൂൾ തലത്തിലും ബന്ധപ്പെട്ട വിദ്യാഭ്യാസ മേഖലയിലും അതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ലംപ്സം ഗ്രാന്റും, ബോർഡിംഗ് ആൻഡ് ലോഡ്ജിംഗ് ചാർജ് എന്നിവ സമയബന്ധിതമായി കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്.റ്റി. ഡിപ്പാർട്ടുമെന്റിലെ മുഴുവൻ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. എസ്.സി. വിഭാഗത്തിലെ കുട്ടികൾക്ക് 52 കോടിയിൽപ്പരം രൂപ കൊടുത്തുകഴിഞ്ഞാൽ ഈ വർഷം കുട്ടികളുടെ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കാൻ കഴിയുമെന്നാണ് കാണാൻ കഴിയുന്നത്. 8 മുതൽ 12-ാം ക്ലാസ് വരെയുള്ള

കുട്ടികൾക്ക് മാത്രം നൽകിവന്നിരുന്ന പഠനമുറി 5 മുതൽ 7-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കുകൂടി നൽകാൻ തീരുമാനിച്ചു. അതോടൊപ്പം തന്നെ കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ പഠനമുറി പദ്ധതിയിൽ അർഹരായിരുന്നില്ല. അവർക്കുകൂടി പഠനമുറി കൊടുക്കാനുള്ള നടപടി സ്വീകരിച്ചു.

എം.ഫിൽ, പി.എച്ച്.ഡി. കോഴ്സുകൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 33 വയസ്സിൽ നിന്നും 40 വയസ്സായി ഉയർത്തി. അവർക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 40 വയസ്സായിരുന്നു. അത് 45 വയസ്സായും ഉയർത്തി. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കൂടുതൽ അവസരം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ലഭിക്കാൻ വേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. അതുപോലെ തന്നെ മുൻകൂട്ടി ഫീസ് അടയ്ക്കാത്ത കാര്യത്തിൽ ഇവിടെ ഒരു തർക്കമുണ്ടായിരുന്നു. സ്വകാര്യ മേഖലയിൽ ഫീസ് മുൻകൂട്ടി അടയ്ക്കാത്ത കുട്ടികൾക്ക് പ്രവേശനം കൊടുത്തിരുന്നില്ല. അത് പരിഹരിക്കാൻവേണ്ടി കുട്ടികൾക്ക് ഫ്രീഷിപ്പ് കാർഡുകൾ നൽകിയിട്ടുണ്ട്. അതുകൊണ്ട് പ്രവേശനസമയത്തുതന്നെ ഫീസ് അടയ്ക്കേണ്ട

സാഹചര്യമുണ്ടാകുന്നില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഒട്ടേറെ കാര്യങ്ങളുണ്ട്. കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് ഒരു കുട്ടിക്കായിരുന്നു നേരത്തേ കൊടുത്തിരുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ....പ്ലീസ്....പാർലമെന്ററി മിനിസ്റ്റർ സഹകരിക്കണം. ...പ്ലീസ്...നാല് മിനിട്ടായി. ഒന്ന് ചുരുക്കിയാൽ നന്നായിരുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നാല് മിനിട്ടല്ലേ ആയുള്ളൂ. അദ്ദേഹം നാല് മിനിട്ടെടുത്തു. ഇന്ന് സബ്മിഷനുള്ള മറുപടി മേശപ്പുറത്ത് വയ്ക്കുന്നുണ്ട്. അതുകൊണ്ട് സമയം കുറച്ച് ലാഭിക്കാം. ഞാൻ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. കുട്ടികൾക്ക് കൂടുതൽ പഠിച്ച് ഉയർന്നുവരാനുള്ള എല്ലാവിധ സംവിധാനവുമുണ്ടാക്കുകയാണ് ചെയ്യുന്നത്. ലോകത്തുള്ള ഏത് കോഴ്സുകളും പഠിക്കാനുള്ള സംവിധാനങ്ങളാണ് ഒരുക്കുന്നത്. തീർച്ചയായും ഇടതുപക്ഷ ഗവൺമെന്റിന്റെ പ്രഖ്യാപിത നയം തന്നെയാണ് നമ്മുടെ കുട്ടികൾക്ക് ഏറ്റവും മെച്ചപ്പെട്ട രീതിയിൽ പഠിച്ച് ഉയരാനുള്ള അവസരങ്ങളുണ്ടാക്കി കൊടുക്കുക എന്നുള്ളത്. വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന വിദ്യാഭ്യാസ പരിപാടികളുടെയെല്ലാം ഡീറ്റെയിൽഡ് റിപ്പോർട്ട് ഞാൻ മേശപ്പുറത്ത്

വയ്ക്കുകയാണ്.+ അതോടൊപ്പം തന്നെ നമ്മുടെ മറ്റ് മേഖലയിൽ, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കളുണ്ട്. ആ ഐ.ടി.ഐ.-കളിലെല്ലാം ന്യൂജെൻ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അത് എത്രയും പെട്ടെന്നുതന്നെ നടത്താൻവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നുണ്ട്. അതുപോലെ കേരളത്തിലെയും ഇന്ത്യയിലെയും പുതുകോഴ്സുകൾക്ക് കുട്ടികൾക്ക് അവസരമുണ്ടാക്കി കൊടുക്കാനുള്ള പ്രത്യേകമായ ഉത്തരവ് തന്നെ ഇറക്കിയിട്ടുണ്ട്. 01-05-2021-ൽ ഇറക്കിയ ഉത്തരവനുസരിച്ച് ഇന്ത്യയിലും കേരളത്തിലുമുള്ള പുതിയ കോഴ്സുകൾക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യം കൊടുക്കാൻ വേണ്ടിയുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പക്ഷേ ഈ വിഭാഗത്തിന്റെ ജീവിതം ഏറ്റവും കൂടുതൽ മെച്ചപ്പെടുത്താൻ വേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. പ്രമോദ് നാരായൺ:</u> സർ, ദളിത്-ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനസൗകര്യമൊരുക്കാൻ അങ്ങ് മന്ത്രിയായിരിക്കുമ്പോൾ ആരംഭിച്ച മാതൃകാ പദ്ധതിയായ മോഡൽ

+ അനുബന്ധമായി വച്ചിട്ടുണ്ട്.

റെസിഡൻഷ്യൽ സ്കൂളുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, നേരത്തെ ഇതുസംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ ഇന്റർനാഷണൽ ലെവലിലേയ്ക്ക് എത്തിക്കാൻ വേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കുട്ടികൾക്ക് നമ്മുടെ സമൂഹത്തിലെ ഏറ്റവും ഉന്നതരായുള്ള ആളുകളുമായി സംവദിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുക്കുകയാണ്. U.N. Environment Programme സഭയിലെ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ സെക്രട്ടറിയായ ഡോ. മുരളി തുമ്മാരുകുടിയുമായി കഴിഞ്ഞ ദിവസം മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾക്ക് ഇന്ററാക്ഷൻ നടത്താനുള്ള അവസരമുണ്ടാക്കിക്കൊടുത്തു. സ്പേസ് റിസർച്ചുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ച് കുട്ടികൾക്ക് പഠിക്കാനുള്ള അവസരവും ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞു. അങ്ങനെ ഉന്നതരായ പണ്ഡിതന്മാരുമായി കുട്ടികൾക്ക് ഇന്ററാക്ഷൻ നടത്താനുള്ള

അവസരമുണ്ടാക്കിക്കൊടുക്കുകയാണ്. അവർക്ക് ഉയർന്നുവരാനുള്ള അവസരമാണ് അതിലൂടെ ലഭിക്കുന്നത്.

## (2) <u>ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, ഭാരതത്തിന്റെ അനശ്വരമായ സംസ്കൃതിയിലേയ്ക്ക് അമൂല്യമായ സംഭാവനകൾ നൽകിയിട്ടുള്ള ഒരു സാമൂഹ്യ വിഭാഗമാണ് വിശ്വകർമ്മജർ. കണക്കും കലയും ശാസ്ത്രവുമെല്ലാം ഒരുപോലെ സമ്മേളിക്കുന്ന ചേതോഹരവും വിസ്മയകരവുമായിട്ടുള്ള അനേകമനേകം നിർമ്മിതികളുടെ നേരവകാശികളാണ് വിശ്വകർമ്മജർ. എന്നാൽ ഈ ജനസമൂഹം ഇന്ന് വളരെയധികം പ്രയാസമനുഭവിക്കുകയാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരും അവഗണിക്കപ്പെട്ടവരുമായ ഒരു സമൂഹമായി വിശ്വകർമ്മസമൂഹം മാറിയിരിക്കുകയാണ്. അവർ വിദ്യാഭ്യാസപരമായും വളരെയധികം പിന്നോക്കാവസ്ഥയിൽ നിൽക്കുകയാണ്. യന്ത്രവൽക്കരണത്തിന്റെ ഗതിവേഗത്തിനൊപ്പം അവരുടെ കരകൗശല വൈദഗ്ദ്യം എത്തുന്നില്ലെന്നുള്ളത് അവരുടെ ജീവിതപ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കുകയാണ്. ഇന്നത്തെ തലമുറയ്ക്ക് മാറുന്ന

കാലഘട്ടത്തിനനുസൃതമായ വിദ്യാഭ്യാസവും സാമൂഹ്യസാഹചര്യങ്ങളും സൃഷ്ടിച്ചുനൽകാത്തതിനാൽ വിശ്വകർമ്മസമൂഹം മുമ്പോട്ട് പോകാൻ കഴിയാത്ത സാഹചര്യത്തിൽ നിൽക്കുകയാണ്. ഇങ്ങനെയൊരു പശ്ചാത്തലത്തിൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ വിശ്വകർമ്മജരുടെ തൊഴിലിനെ പരമ്പരാഗത തൊഴിലായി അംഗീകരിച്ചു. എങ്കിലും അതിനനുസരിച്ചുള്ള ആനുകൂല്യങ്ങൾ അവർക്ക് ലഭിച്ചിട്ടില്ലെന്നുള്ളത് ഒരു വസ്തുതയായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. വിശ്വകർമ്മ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഒരു കുലത്തൊഴിൽ കൈവശമുണ്ടെന്നതിനാൽ തൊഴിലിനുവേണ്ടി വിദ്യാഭ്യാസം അനിവാര്യമാണെന്ന് പഴയ കാലത്ത് അവർ ചിന്തിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ വിദ്യാഭ്യാസരംഗത്ത് അവർ വളരെയധികം പിന്നോക്കം പോയി. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി സാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ രണ്ട് ശതമാനം സംവരണം അവർക്ക് പ്രൊഫഷണൽ കോഴ്സുകൾക്കുൾപ്പെടെ നൽകിയിരുന്നു. പ്രസ്തുത സംവരണം ഉന്നത വിദ്യാഭ്യാസ മേഖലയിൽക്കൂടി വരുത്തേണ്ടതാണ്. വിശ്വകർമ്മജരുടെ കാര്യങ്ങൾ കുറെയൊക്കെ ശ്രദ്ധിച്ച ഒരു സർക്കാർ ആയിരുന്നു അത്. ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക്

പൊതുവെ ലഭിക്കുന്ന പ്രീ മെട്രിക് സ്കോളർഷിപ്പും വിദേശ സർവ്വകലാശാലകളിൽ ഉന്നതവിദ്യാഭ്യാസത്തിനായി പത്ത് ലക്ഷം രൂപവരെ സൗജന്യമായി ലഭിക്കുന്ന പദ്ധതിയുടെ ആനുകൂല്യങ്ങളും വിശ്വകർമ്മ സമൂഹത്തിന് ലഭിച്ചിട്ടുണ്ട്. വിശ്വകർമ്മ സമൂഹത്തിന്റെ സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പഠിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയോഗിക്കണമെന്നുള്ളത് അവരുടെ ദീർഘകാലത്തെ ആവശ്യമായിരുന്നു. അതിനായി 2012 ഒക്ടോബർ 18-ാം തീയതി ഉമ്മൻചാണ്ടി സർക്കാർ ഡോ. പി. എൻ. ശങ്കരൻ കമ്മീഷനെ നിയമിക്കുകയുണ്ടായി. എന്നാൽ ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടശേഷവും പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കാനോ, റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാനോ നാളിതുവരെ കഴിഞ്ഞിട്ടില്ലെന്നുള്ളത് വസ്തുതയാണ്. വിശ്വകർമ്മ വിഭാഗത്തിലെ ഭൂരിഭാഗം പേർക്കും സ്വന്തമായി വീടില്ലാത്തവരാണ്. അവരുടെ ഇടയിൽ Entrepreneurship വളർത്തിയെടുക്കാനുള്ള പദ്ധതികളുണ്ടായാൽ മാത്രമേ ഇന്നത്തെ അവരുടെ തൊഴിൽപരമായ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഉപകരണങ്ങളും അനുബന്ധ

അസംസ്കൃതവസ്തുക്കളും വാങ്ങുന്നതിന് അവർക്ക് ദീർഘകാലാടിസ്ഥാനത്തിലുള്ള വായ്പ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. അവർക്ക് കുലത്തൊഴിലുണ്ടാകും, എന്നാൽ അതിനെ കാലഘട്ടത്തിനനുസരിച്ച് അപ്ഗ്രേഡ് ചെയ്യാനുള്ള കോഴ്സുകൾ ഐ.ടി.ഐ.-കളിലും പോളിടെക്നിക്കുകളിലും ആരംഭിക്കണം. സ്വയാർജ്ജിതമായി അവർക്കുണ്ടായ തൊഴിൽ വൈദഗ്ദ്യത്തെ ക്രോഡീകരിക്കുന്നതിന് ഗ്രിഡോ ക്ലസ്റ്ററോ രൂപീകരിച്ച് നൽകുന്നതിനുവേണ്ടി സഹായിക്കണം. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് വിശ്വകർമ്മദിനം നിയന്ത്രിത അവധിയായി പ്രഖ്യാപിച്ചു. വിശ്വകർമ്മദിനം പൊതു അവധിയായി പ്രഖ്യാപിക്കണമെന്നത് അവരുടെ ഏറ്റവും വലിയ ഒരു ആവശ്യം കൂടിയാണ്. ഇത്തരം കാര്യങ്ങൾ പരിഗണിക്കുകയും 2014 ഡിസംബർ 31-ന് സമർപ്പിക്കപ്പെട്ട ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും അതിലെ ശിപാർശകൾ നടപ്പിലാക്കുകയും ചെയ്യണമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റ് ശ്രദ്ധക്ഷണിക്കലിലൂടെ അവതരിപ്പിച്ച കാര്യങ്ങൾ നമ്മുടെ പിന്നോക്ക ജനവിഭാഗങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ജനവിഭാഗമായ വിശ്വകർമ്മജരുടെ പ്രശ്നങ്ങളാണ്. ഇരുമ്പുപണി, മരപ്പണി, വാർക്കപ്പണി, കൽപ്പണി, സ്വർണ്ണപ്പണി എന്നീ പരമ്പരാഗത തൊഴിലുകളിലേർപ്പെട്ട ആളുകളാണ് വിശ്വകർമ്മജർ. ഇവിടെ അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ 18-10-2012-ൽ സർക്കാർ ഉത്തരവുപ്രകാരം ഡോ. പി.എൻ. ശങ്കരൻ കമ്മീഷനെ നിയമിക്കുകയുണ്ടായി. 31-12-2014-ൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 21 ശിപാർശകളാണ് മുന്നോട്ടുവച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 17-11-2020-ന് ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാരുടെ യോഗം ചേരുകയുമുണ്ടായി. തുടർന്ന് വിശദമായ പരിശോധനകൾക്കുശേഷം കമ്മീഷൻ സർക്കാരിലേയ്ക്ക് സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടും ശിപാർശ നമ്പർ - 8, 9, 11, 14, 19, 20 എന്നിവ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും

അതിൽ ചില നിർദ്ദേശങ്ങൾ അംഗീകരിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ശിപാർശ നമ്പർ 8 പ്രകാരം കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ തീരുമാനിച്ചു. ആർട്ടിസാൻസ് ലേബർ ഡാറ്റാ ബാങ്ക് നടപ്പിലാക്കുന്നതിനുവേണ്ടി വ്യവസായവകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. ശിപാർശ നമ്പർ 9 പരിശോധിച്ചതിൽ പൊതുമേഖലാ ബാങ്കുകളിലും മറ്റും സ്വർണ്ണത്തിന്റെ പരിശുദ്ധി ഉറപ്പുവരുത്തുന്നതിന് സ്വർണ്ണപ്പണിയിൽ പരിചയമുള്ള ഈ വിഭാഗത്തിൽപ്പെട്ട ആളുകളെ അപ്രൈസർമാരായി നിയമിക്കുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിച്ചു വരികയാണ്. ക്രീമിലെയർ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കൂടുതൽ സാമുദായിക സൗഹാർദ്ദ സമീപനം സ്വീകരിക്കണമെന്ന് കമ്മീഷൻ റിപ്പോർട്ടിൽ സൂചിപ്പിക്കുകയുണ്ടായി. റവന്യൂ വകുപ്പ് ഇക്കാര്യങ്ങൾ ശ്രദ്ധയോടുകൂടി നടപ്പിലാക്കിവരികയാണ്. ശിപാർശ നമ്പർ 14 പ്രകാരം പരമ്പരാഗത വിദഗ്ദ്ധ തൊഴിലാളികളുടെ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനായി Kerala Acadamy for Skills Excellence മുഖേന നൈപുണ്യ പരിശീലനം നൽകുന്നതിനും Skill Registry, Mobile

Application രജിസ്റ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വ്യവസായ വകുപ്പിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആറന്മുള കണ്ണാടി പോലെയുള്ള കരകൗശല ഉല്പന്നങ്ങളുടെ പ്രദർശനത്തിനായി ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നത് ശിപാർശ നമ്പർ 19 ആയി ചൂണ്ടിക്കാണിക്കുന്നു. അത് നടപ്പിലാക്കുന്നതിനുവേണ്ടി ആറന്മുളയ്ക്ക് സമീപമുള്ള മാന്നാറിൽ bell metal crafts പ്രാധാന്യം നൽകിക്കൊണ്ട് ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കുന്നതിനും വിശ്വകർമ്മജരുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനവിപണനത്തിന് സൗകര്യം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് കരകൗശലവികസന കോർപ്പറേഷൻ സമർപ്പിച്ച Project Concept-ൽ വ്യവസായ വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. കൊച്ചിയിൽ Artisans Special Economic Zone രൂപീകരിക്കുന്നത് സംബന്ധിച്ച് ശിപാർശ നമ്പർ 20 പരിശോധിച്ചതിൽ Special Economic Zone ആരംഭിക്കണമെങ്കിൽ 10 ഹെക്ടർ സ്ഥലം ലഭ്യമാകണം. പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിന് KSIDC ഒരിക്കൽ ശ്രമിച്ചെങ്കിലും 10 ഹെക്ടർ സ്ഥലം ലഭ്യമാക്കാൻ പ്രയാസമുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. തുടർന്ന് KSIDC-യും വ്യവസായ വകുപ്പും തുടർ

നടപടികളുമായി മുന്നോട്ടുപോകുന്നു. വിശ്വകർമ്മജരുടെ പെൻഷൻ ഇപ്പോൾ 1400/- രൂപയാണ് നൽകിവരുന്നത്, അത് വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം അവരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ഇപ്പോൾ സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നത് 1,600/- രൂപയാണ്. വിശ്വകർമ്മജർക്ക് നൽകിവരുന്ന പെൻഷൻ 1,400/- രൂപയെന്നുള്ളത് 1,600/- രൂപയാക്കുന്ന കാര്യം ഗൗരവമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്, അത് നടപ്പിലാക്കാൻ കഴിയുമെന്നുള്ള കാര്യം അറിയിക്കുകയാണ്. വിശ്വകർമ്മ വിഭാഗം ഉൾപ്പെടെയുള്ള പിന്നാക്ക ജനവിഭാഗത്തിന്റെ സാമൂഹിക-സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ഒട്ടേറെ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചപോലെ വിദേശ സർവ്വകലാശാലയിൽ പോയി പഠിക്കാനുള്ള അവസരം വരെ ഉണ്ടായി. അതിന്റെ ഭാഗമായി നമ്മുടെ സമൂഹത്തിലെ പാവപ്പെട്ട പിന്നോക്ക വിഭാഗത്തിൽപ്പെട്ട 54 കുട്ടികളെ ഒന്നര വർഷംകൊണ്ട് വിദേശ സർവ്വകലാശാലകളിൽ അയച്ച് പഠിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട കുട്ടികൾ എത്ര പേരുണ്ടെന്ന് പ്രത്യേകം കണക്കെടുത്തിട്ടില്ല. 54 കുട്ടികളും പിന്നോക്ക

വിഭാഗത്തിൽപ്പെട്ടവരാണ്. ഇന്ത്യയിലെയും കേരളത്തിലെയും പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ട്. അതോടൊപ്പംതന്നെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനും കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനും ഇവർക്കുവേണ്ടിയുള്ള പ്രത്യേക പരിപാടികളും നടത്തിവരികയാണ്. അതെല്ലാം കൂടുതൽ നല്ല രീതിയിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. എം. വിൻസെന്റ്:</u> ഗോൾഡ് അപ്രൈസർമാരെ സഹകരണ ബാങ്കുകളിൽ നിയമിക്കുന്നതായി പറഞ്ഞു. കെ.എസ്.എഫ്.ഇ. പോലുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങളിലും കെ.എസ്.ആർ.ടി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും സാങ്കേതികമായ തൊഴിൽ ആവശ്യമുള്ള മേഖലകളിൽക്കൂടി അവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സഹകരണ സ്ഥാപനങ്ങളാണുള്ളത്. ആദ്യ ഘട്ടത്തിൽ സഹകരണ സ്ഥാപനങ്ങളിലെ അപ്രൈസർമാരെ നിയമിക്കാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള

സ്ഥാപനങ്ങളിൽ സാങ്കേതിക പരിചയമുള്ള കുട്ടികളെ പരിശീലിപ്പിക്കാനുള്ള നടപടികൾ നടത്തിയിട്ടുണ്ട്. ഐ.ടി.ഐ., പോളിടെക്നിക് കോഴ്സുകൾ കഴിഞ്ഞുവരുന്ന കുട്ടികൾക്ക് ഇത്തരം സ്ഥാപനങ്ങളിൽ തുടർ പരിശീലനം ലഭിക്കാനും തൊഴിൽ ലഭിക്കാനുമുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്.

(സബ്മിഷൻ)